

**<u>മഗ്ദലനയുടെ ഉയിർപ്പും കാത്ത്</u>**

(ജോർജ് നടവയൽ)

സത്യത്തിന്റെ കല്ലറ വാതില്ക്കൽ

പ്രേമാഞ്ജലിയുമായ് നിന്നവൾ മഗ്ദലന;

ചാരിത്ര്യ ചോരന്മാരെത്രയെത്ര

നീട്ടിയെറിഞ്ഞ നോട്ടുകെട്ടുകൾക്കും

വശ്യമോഹന പേശീബലങ്ങൾക്കും

അന്തപ്പുര നാടക കുങ്കുമത്തിലകങ്ങൾക്കും

വശപ്പെടാതെ നിന്നവളവൾ

രാധയേപ്പോൽ മഗ്ദലന;

ബോധിവൃക്ഷോദയ ബോധാഹിംസകളിൽ
പ്രണയിനിയുടെ നിർമ്മല പ്രേമ ദാഹങ്ങളെ
നിഷ്കരുണം ഹിംസിച്ച ബുദ്ധ ശരണങ്ങളിലെ
യശോധാവല്യമായ് നിന്നവൾ
യശോധരയേപ്പോൽ മഗ്ദലന;

രാവണ ദശമുഖ വൈവിധ്യജാലങ്ങളിലെ
വീരശൃംഗാര കാമാ കാന്തങ്ങളിലെ
അസ്ഥിപ്പൂക്കളിൽ മയങ്ങാതെ നിന്നവൾ
സീതയേപ്പോൽ  മഗ്ദലന;

പാടേ മറന്നൊന്നും ചെയ്യാൻ മടിച്ച്
സ്വപ്നജീവിയായ് തനിച്ചുകാമിനിയെ വിട്ട
രമണനെ പൂജിച്ചു നിന്നവൾ
ചന്ദ്രികയേപ്പോൽ   മഗദലന,

മൃത്യുകുടീര ശിലാപാളികൾ പിളർന്ന്
സത്യം പുരുത്ഥാനം ചെയ്യുമെന്ന്
കാത്തിരുന്ന മഗ്ദലനയെ
ശാസ്ത്രവിജയങ്ങൾ ഇന്ന്
വീണ്ടും കല്ലേറിന്റെ നെറ്റിപ്പൊട്ടിൽ ഒലിക്കും
ദുരമുറ്റിയ ചോരക്കല്ലറകളിലടയ്ക്കുന്നൂ....

അഭിനയ ചക്രവർത്തിനീപദ അവാർഡുകളുടെയും
ഫോട്ടോ വച്ച പരസ്യഹോർഡിങ്ങുകളുടെയും

മുഖ സ്തുതികളുടെയും

പട്ടും വളയും പുതപ്പിച്ചും കൊണ്ടേ,

അവളെ വീണ്ടും വീണ്ടും

ദുരമുറ്റിയ ചോരക്കല്ലറകളിലടയ്ക്കുന്നൂ;

കല്ലറ വാതില്ക്കൽ മഗ്ദലനയുടെ

ഉയിർപ്പും കാത്ത്

ശിരസ്സിൽ മുൾമുടിയണിഞ്ഞവനിന്നും

കുരിശിൽ പിന്നെയും പിന്നെയും പിടയുന്നു;

പ്രസിഡന്റുമാരും സി ഈ ഓ മാരും

രംഗനായകരും മുദ്രാപരിശീലകരും

അങ്കി ഭാഗം വയ്ക്കുന്നൂ;

അവളുടെ ക്യാറ്റ്‌വാക്കും നാഭീ ഡാൻസ്സും

ടോങ്ങും അവളിലെ നവ പൊതുക്കാര്യ പ്രസക്തിയും

സ്ഥാന മാനങ്ങളും വച്ചു കുറിയിട്ടും കൊണ്ടേ...

അവളുടെ ചേലകളിലെ പെണ്മണം മൊത്തി ഭാഗംവയ്ക്കുന്നൂ;

അവളുടെ അങ്കി ചിട്ടിയിട്ടെടുക്കുന്നൂ;

കാറിന്റെ താക്കോൽ ആൽക്കഹോളിൽ മുക്കി

കൈമാറി കൈമാറിയെന്നപോലെ.

തമസ്സല്ലോ സുഖപ്രദമെന്നാകുന്നൂ ഇന്നു മഗ്ദലനാ

ഉയിർപ്പിനെ ചെറുത്തവൾ

ഭൂഗർഭത്തിൽ അവൾക്കു

പുഴുക്കൾ പും ബീജങ്ങളാകട്ടേ എന്ന്

കാലൻ കോഴിയും കൂവുന്നു
മുമ്മൂന്നു വട്ടങ്ങൾ മന്വന്തരമോളം.

കല്ലറ വാതില്ക്കൽ മഗ്ദലനയുടെ
ഉയിർപ്പും കാത്ത്
ശിരസ്സിൽ മുൾമുടിയണിഞ്ഞവനിന്നും
കുരിശിൽ പിന്നെയും പിന്നെയും പിടയുന്നു.